Newspaper : Mathrubhumi

Date : 03.09.2026

Mathrubhumi
മാതൃഭൂമി

# മത്സ്യങ്ങളെ വെള്ളമില്ലാതെ ജീവനോടെ കൊണ്ടുപോകാനുള്ള സംവിധാനവുമായി സിഫ്റ്റ്

**തോപ്പുംപടി ▸** ഇനി മത്സ്യങ്ങളെ വെള്ളമില്ലാതെ ജീവനോടെ എവിടേക്കും കൊണ്ടുപോകാം. കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫറ്റ്) യാണ് മത്സ്യങ്ങളെയും ചെമ്മീനുകളെയും വെള്ളമില്ലാതെ ജീവനോടെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. ഈ സാങ്കേതികവിദ്യയ്ക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചതായി സിഫ്റ്റ് അധികൃതർ അറിയിച്ചു.

നിലവിൽ ജീവനുള്ള മത്സ്യങ്ങളെയും മറ്റ് ജലജീവികളെയും ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് വലിയ അളവിൽ വെള്ളം ആവശ്യമാണ്. ഇത് ഭാരം വർധിപ്പിക്കുന്നുവെന്ന് മാത്രമല്ല, ഗതാഗതത്തിനുള്ള ചെലവും വർധിപ്പിക്കുന്നു. ഓക്സിജൻ ലഭ്യമാക്കുന്നതിനും വെള്ളം ശുദ്ധീകരിക്കുന്നതിനും താപനില നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനങ്ങളും വേണം. ഇവ പ്രവർത്തിപ്പിക്കാൻ വൈദ്യുതിയും അത്യാവശ്യമാണ്. ഇത്തരം ബുദ്ധിമുട്ടുകരം ഒഴിവാക്കി, കുറഞ്ഞ ചെലവിൽ കുറഞ്ഞ വൈദ്യുതി ഉപയോഗിച്ച് മത്സ്യങ്ങളെ സൂക്ഷിച്ച് കൊണ്ടുപോകുന്നതിനുള്ള വിദ്യയാണ് സിഫ്റ്റ് കണ്ടെത്തിയിട്ടുള്ളത്. പ്രത്യേക സൗകര്യങ്ങളോടുകൂടിയ ഇൻസുലേറ്റഡ് കണ്ടെയ്നറും ആവശ്യമായ ഉപകരണങ്ങളും പുതിയ സംവിധാനത്തിലുണ്ടാകും. ഓക്സിജൻ, ഈർപ്പം, താപനില തുടങ്ങിയ ഘടകങ്ങൾ തുടർച്ചയായി നിരീക്ഷിക്കാനുള്ള സംവിധാനവും ഇതിലുണ്ട്. ഈ സംവിധാനം ഓട്ടോമാറ്റിക്കായും മാനുവലായും പ്രവർത്തിപ്പിക്കാം.

സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. യു. പാർവതി, ഡോ. ബി. മധുസൂദന റാവു, ഡോ. എസ്. മുരളി., ഡോ. പി.കെ. ബിൻസി, ഡോ. കെ. സതീഷ് കുമാർ, വിഷ്ണു ആർ. നായർ, ടി. ജിതിൻ ജോയ് എന്നിവരാണ് ഈ പേറ്റന്റ് സാങ്കേതികവിദ്യയുടെ വികസനത്തിൽ പങ്കാളിയായത്. മത്സ്യകൃഷി, ചെമ്മീൻകൃഷി, അലങ്കാര മത്സ്യം ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഭാവിയിൽ ഇത് പ്രയോജനപ്പെടുത്താനാകുമെന്നാണ് പ്രതീക്ഷ.